വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, മണ്ണാർക്കാട് നിന്നും ഊട്ടിയിലേയ്ക്ക് വേഗത്തിൽ എത്തിച്ചേരാൻ കഴിയുന്ന താവളം-മുള്ളി റോഡിനുവേണ്ടി 183 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും സാങ്കേതികാനുമതിയും വിശദമായ പ്രോജക്ട് റിപ്പോർട്ടും സാമ്പത്തികസഹായം ലഭിക്കുന്നതിനുവേണ്ടി നബാർഡിന് നൽകിയിട്ടുണ്ട്. അത് അംഗീകരിച്ചു കിട്ടിക്കഴിഞ്ഞാൽ എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

(42) മാള നിയോജകമണ്ഡലത്തിലെ ജലസേചന പദ്ധതികൾ പൂർത്തീകരിക്കണമെന്ന ആവശ്യം

ശ്രീ. യു. എസ്. ശശി : സർ, മാള നിയോജകമണ്ഡലത്തിലെ പൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ പൂർത്തീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. അഷ്ടമിച്ചിറ-പുത്തൻച്ചിറ ഇറിഗേഷൻ പദ്ധതി, മാളച്ചാൽ-കുണ്ടറച്ചിറ ഇറിഗേഷൻ പദ്ധതി, മാംപ്ര-ചെട്ടിക്കുന്ന് ഇറിഗേഷൻ പദ്ധതി, തണ്ടാത്തിക്കുളം ഇറിഗേഷൻ പദ്ധതി എന്നിവയുടെ പണി പൂർത്തികരിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഉഴൂർ പഞ്ചായത്തിലെ വഞ്ഞിപ്പുറത്താഴ, വട്ടക്കുളം, പുതുക്കുളം എന്നീ ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിക്കുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് വൈദ്യുതി ബോർഡിന് അടയ്ക്കേണ്ട വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാലാണ് കണക്ഷൻ വിച്ഛേദിച്ചിരിക്കുന്നത്. വൈദ്യുതി ചാർജ് അടച്ച് ആ ഇറിഗേഷൻ പദ്ധതികൾ പ്രവർത്തിപ്പിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഈ പറഞ്ഞ പദ്ധതികൾ എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

VII മേശപ്പുറത്തുവച്ച കടലാസ്സ്

ലോകായുക്തയുടേയും ഉപലോകായുക്തയുടേയും 2000 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച സമാഹൃത റിപ്പോർട്ട് മുഖ്യമന്ത്രി മേശപ്പുറത്ത് വച്ചു.

LIBRARY ARCHIVES Kerala Legislative Assembly